# ‘അസ്മാഉല്ലാഹ് ’

അല്ലാഹുﷻ പറഞ്ഞു:

﴿ وَلِلَّهِ ٱلْأَسْمَآءُ ٱلْحُسْنَىٰ فَٱدْعُوهُ بِهَا ۖ وَذَرُوا۟ ٱلَّذِينَ يُلْحِدُونَ فِىٓ أَسْمَـٰٓئِهِۦ ۚ ﴾

(അല്ലാഹുവിന് ഏറ്റവും നല്ല പേരുകളുണ്ട്. അതിനാൽ ആ പേരുകളിൽ അവനെ നിങ്ങൾ വിളിച്ചുകൊള്ളുക, അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ നിങ്ങൾ വിട്ടുകളയുക. അവർ ചെയ്തുവരുന്നതിന്റെ ഫലം അവർക്കു വഴിയേ നൽകപ്പെടും.)
(വി.ഖു. 7: 180)

(അവന്റെ പേരുകളിൽ കൃത്രിമം കാണിക്കുന്നവരെ) എന്ന വചനത്തിന്റെ തഫ്സീറെന്നോണം ഇബ്നു അബ്ബാസ്ؓ പറഞ്ഞു: ‘‘അവർ പങ്കുചേർക്കുന്നു.’’

അദ്ദേഹത്തിൽ നിന്നും തന്നെ വീണ്ടും രിവായത് ചെയ്യപ്പെടുന്നു. ‘ലാത്ത’ എന്നത് ‘അൽഇലാഹ് ’ എന്നതിൽ നിന്നും ‘ഉസ്സാ’ എന്നത് ‘അൽഅസീസ്’ എന്നതിൽ നിന്നും അവർ പേരു വെച്ചതാണ്. ഇമാം അഅ്മശ്ؒവിൽനിന്നും നിവേദനം: ‘‘അവർ അതിൽ (അല്ലാഹുവിന്റെ നാമങ്ങളിൽ) ഇല്ലാത്തത് പ്രവേശിപ്പിക്കുന്നു.’’

**<u>ഈ അദ്ധ്യായം ഉൾക്കൊണ്ട വിഷയങ്ങൾ:</u>**

- അല്ലാഹുﷻക്ക് നാമങ്ങൾ സ്ഥിരീകരിക്കൽ.
- പ്രസ്തുത നാമങ്ങൾ അത്യുത്തമങ്ങളാണ്.
- അവകൊണ്ട് അല്ലാഹുﷻയോട് ‘ദുആ’ ചെയ്യുവാനുള്ള കല്പന.
- അല്ലാഹുﷻയുടെ നാമങ്ങളിൽ (പങ്കുചേർത്തും അവയെ നിഷേധിച്ചും കളവാക്കിയും) ‘ഇൽഹാദ്’ നടത്തുന്നവരെ കയ്യൊഴിക്കൽ.
- അവയിൽ ‘ഇൽഹാദ്’ നടത്തുന്നതിന്റെ വിവരണം.
- ‘ഇൽഹാദ്’ നടത്തുന്നവർക്കുള്ള താക്കീത്.

**ശൈഖ് മുഹമ്മദ് ഇബ്നു അബ്ദിൽ വഹ്ഹാബ് (റഹിമഹുല്ല)യുടെ കിതാബുത്തൗഹീദിൽ നിന്ന്**

**വിവർത്തനം**
**അബ്ദുൽ ജബ്ബാർ അബ്ദുല്ല**